(3) കോഴിക്കോട് ജില്ലയിൽ ഡി. വൈ. എഫ്. ഐ. പ്രവർത്തകരുടെമേൽ പോലീസ്കേസ്

ശ്രീ. എ. കെ. പത്മനാഭൻ : സർ, കോഴിക്കോട് ജില്ലയിൽ സി.പി.ഐ. (എം) നെറയും ഡി.വൈ.എഫ്.ഐ. യുടെയും പ്രവർത്തകർക്കെതിരായി വ്യാപകമായ രീതിയിൽ കള്ളക്കേസ്സുകൾ ചുമത്തിക്കൊണ്ടിരിക്കുകയാണ്. വടകരയിൽ 202 ആളുകളുടെ പേരിലും താമരശ്ശേരിയിൽ 107 ആളുകളുടെ പേരിലും കാരയാട് എട്ട് ആളുകളുടെ പേരിലും 107-ം വകുപ്പനുസരിച്ച് കേസ് ചാർജ് ചെയ്തിരിക്കുന്നു. രണ്ടുമാസം മുമ്പ് നടന്ന ഡി.വൈ.എഫ്.ഐ. സമരത്തോടനുബന്ധിച്ച് കേസ്സിലകപ്പെട്ട് പത്തൊൻപതു ദിവസം വരെ ജയിലിൽ അടയ്ക്കപ്പെട്ട ആളുകളുടെ പേരിൽ വീണ്ടും കള്ളക്കേസ്സ് ചുമത്തിയിരിക്കുന്നു. പ്രതിപക്ഷ പ്രവർത്തകരുടെ പ്രവർത്തന സ്വാതന്ത്ര്യത്തെ തടയാനുള്ള പ്രവർത്തനവുമായിട്ടാണ് ഈ ഗവൺമെൻറ് മുന്നോട്ടു പോകുന്നത്. അതിൽ പ്രതിഷേധിച്ചുകൊണ്ട് നവംബർ പതിനെട്ടാം തീയതി കോഴിക്കോട് ജില്ലയിലെ പോലീസ് സ്റ്റേഷനുകൾക്ക് മുമ്പിൽ ഡി.വൈ.എഫ്.ഐ. പ്രവർത്തകർ മാർച്ച് നടത്താൻ പോവുകയാണ്. കോഴിക്കോട് ജില്ലയിൽ ഇപ്പോൾ ക്രമസമാധാന പ്രശ്നങ്ങളൊന്നുമില്ല. സമാധാനാന്തരീക്ഷം കലുഷിതമാക്കുന്ന രീതിയിലുള്ള ഇത്തരം പ്രവർത്തനത്തിൽനിന്ന് ഗവൺമെൻറ് പിൻവാങ്ങണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, നിയമ സമാധാനം ലംഘിക്കാനും ഏറ്റുമുട്ടലുകൾ നടക്കാനും ഇടയാക്കിയ പല സാഹചര്യങ്ങളും ഈ പ്രദേശങ്ങളിൽ ഉണ്ടായതായിട്ട് പത്രങ്ങളിൽ വാർത്തകൾ വന്നിട്ടുള്ളതാണ്. നേരിട്ടു മനസ്സിലാക്കാനും കഴിഞ്ഞിട്ടുണ്ട്. പേരാമ്പ്രയിൽ ആർ.എസ്.എസ്. കാരും മാർക്സിസ്റ്റു പാർട്ടിപ്രവർത്തകരും തമ്മിലുണ്ടായ ഏറ്റുമുട്ടലിനെ തുടർന്ന് രണ്ടു കൂട്ടരുടെയും പേരിൽ കേസ്സെടുത്തിട്ടുണ്ട്. ഓരോ സ്ഥലത്തും ഉണ്ടാകുന്ന സംഭവങ്ങൾ തടയാൻവേണ്ടി പല കുഴപ്പങ്ങളും സൃഷ്ടിച്ചിട്ടുള്ള ആളുകളുടെ പേരിൽ മാത്രമാണ് 107 അനുസരിച്ച് കേസ്സെടുത്തിട്ടുള്ളത്. അതിന്റെ അർത്ഥം അവരെ എല്ലാവരെയും ഉടനെ ശിക്ഷിക്കാനല്ല. ഇനിയുള്ള പ്രവർത്തനം വാച്ച് ചെയ്യാൻവേണ്ടി മാത്രമാണ് അങ്ങനെ ചെയ്തത്. അല്ലാതെ ഏതെങ്കിലും വിധത്തിലുള്ള പ്രതികാര നടപടികളൊന്നുമല്ല, രാഷ്ട്രീയ പ്രവർത്തനം നടത്തുന്നതിന്റെ പേരിലുമല്ല.

(4) ട്യൂഷൻ ഫീസ് വാങ്ങുന്നതുകൊണ്ട് ആംഗ്ലോ ഇൻഡ്യൻ കുട്ടികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ

Shri Stephen Padua : Sir, I wish to make a submission on the unjust collection of tution fees in the Anglo-Indian High Schools in the erstwhile British area of the State.

There are 7 Anglo-Indian High Schools of this category. Of these 5 are aided and run according to K.E.R. They are St. Michaels and St. Theresas Schools at Cannanore, St. Josephs at Calicut, St. John D' Britton & St. Mary's at Fort Cochin. These Schools are collecting tution fees from the students which is unjust. Tution fees are not collected in other aided schools run according to K.E.R. Moreover,

LIBRARY ARCHIVES Kerala Legislative Assembly

education is free upto S.S.L.C. class in the State. Necessary orders may be issued to discontinue collection of tution fees in these 5 Anglo-Indian High Schools.

I have made representations in this matter to the D.P.I. and to the Government. If there is no provision to discontinue this practice in the Rules for Anglo-Indian Schools, necessary amendments may be made in the Rules as early as possible. At any rate, the students in these schools should not be paralised and their families made to suffer.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ആംഗ്ലോ-ഇൻഡ്യൻ സ്കൂളുകളിൽ 1-4-1983 മുതലാണ് ഈ ഗവൺമെൻറ്, ഡയറക്ട് പേമെൻറ് സിസ്റ്റം ഏർപ്പെടുത്തിയത്. അദ്ദേഹം ഇവിടെ സൂചിപ്പിച്ച അഞ്ചു സ്കൂളുകളിൽ ഫീസ് കളക്ട് ചെയ്യുന്നുണ്ട്. ഇപ്പോഴും നിലവിലുള്ള ആംഗ്ലോ-ഇൻഡ്യൻ സ്കൂൾ നിയമമനുസരിച്ച് അങ്ങനെ ചെയ്യുന്നതിനുള്ള അവകാശം അവർക്കുണ്ട്. കെ. ഇ. ആർ. ൻെറ പരിമിതിയിൽ അവർ ആയിട്ടുമില്ല. അതിനുവേണ്ടിയുള്ള ശ്രമം നടത്തിയപ്പോൾ ചില സന്ദർഭവശാൽ അത് കോടതിയിൽ ചോദ്യം ചെയ്യുകയും അതിൻെറ പേരിൽ പ്രശ്നമുണ്ടാവുകയും ചെയ്തിട്ടുണ്ട്. ഏതായാലും ട്യൂഷൻ ഫീസ് കളക്ട് ചെയ്യുന്നതിൽനിന്നും കുട്ടികൾക്കുണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ വേണ്ടിയുള്ള നടപടികൾ ഗവൺമെൻറ് സ്വീകരിച്ചുവരികയാണ്, മാനേജ്മെൻറുമായിട്ട് കൂടി സംസാരിച്ചതിനുശേഷം അതിൻെറ അന്തിമമായ തീരുമാനമെടുക്കുന്നതാണ്.

(5) ദൂരദർശൻ പരിപാടികളിൽ കേരളത്തോടു കാണിക്കുന്ന അവഗണന

ശ്രീ. എ. വി. താമരാക്ഷൻ : സർ, ദൂരദർശൻ പ്രക്ഷേപണം ചെയ്യുന്ന ദേശീയ പരിപാടികളിൽ കേരളത്തിലെ പരിപാടികൾ പൂർണ്ണമായും അവഗണിക്കപ്പെടുകയും അപമാനിക്കപ്പെടുകയുമാണ്. ഭാഷയുടെയും പ്രദേശത്തിൻെറയും പേരിൽ നമ്മുടെ രാജ്യമാകെ ഛിദ്രശക്തികൾ തലപൊക്കിയിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇൻഡ്യയെ ഒന്നായിക്കണ്ടുകൊണ്ട് എല്ലാ ഭാഷകളെയും എല്ലാ പ്രദേശങ്ങളെയും സംസ്കാരത്തെയും സമന്വയിപ്പിച്ചു പ്രവർത്തിക്കുന്ന ഒന്നാണ് ദൂരദർശൻ. എന്നാൽ ദൂരദർശൻെറ ഭൂപടത്തിൽ കേരളമെന്നൊന്നില്ല. ഒരുദാഹരണം പറയാം, സ്വാതന്ത്ര്യദിനപ്രക്ഷേപണം നടന്ന അവസരത്തിൽ എല്ലാ സംസ്ഥാനങ്ങളുടെയും പരിപാടികൾ പ്രക്ഷേപണം ചെയ്തു. എന്നാൽ കേരളത്തിലെ പരിപാടി പ്രക്ഷേപണം ചെയ്തത് ഒൻപതു ദിവസം കഴിഞ്ഞാണ്. ജ്ഞാനപീഠം അവാർഡു നേടിയ വിശ്വസാഹിത്യകാരനായ ശ്രീ. തകഴിയെ പോലും അവർ അവഗണിക്കുകയുണ്ടായി. തിരുവനന്തപുരത്തു നിന്നും പ്രക്ഷേപണം ചെയ്യുന്ന പരിപാടികൾക്ക് ആകെ ഒരു മണിക്കൂറാണുള്ളത്. കടുവാക്കള്ളി കാണണമെങ്കിൽ തിരുവനന്തപുരം പ്രക്ഷേപണം കണ്ടാൽമതി. നമ്മുടെ ജനജീവിതം ചിത്രീകരിക്കാൻ ദൂരദർശന് കഴിയുന്നില്ല. നമ്മുടെ കലയും സംസ്കാരവും പോഷിപ്പിക്കുവാൻ കഴിയുന്നില്ല. സംസ്ഥാന ഗവൺമെൻറ് കേന്ദ്ര ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തി കേരളത്തോടുള്ള അവഗണന അവസാനിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഈ പ്രശ്നം കേന്ദ്ര ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെടുത്തുകയും കേന്ദ്രമന്ത്രിയുമായി ഇതിനെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly